# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2149

08.03.2018- ൽ മറുപടിയ്ക്ക്

## സ്വർണ്ണ പണയ വായ്പ തട്ടിപ്പുകൾ തടയുവാൻ നടപടി

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ. പി.ജെ.ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ഡോ. എൻ. ജയരാജ്**

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സ്വർണ്ണ പണയ വായ്പ തട്ടിപ്പുകൾ തടയുവാൻ സഹകരണവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016-ാം നമ്പർ സർക്കുലർ പ്രകാരം കർശ്ശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശപ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയാഭരണ പരിശോധന പൂർത്തീകരിക്കുകയും വായ്പ സംഘങ്ങളുടെ സ്വർണ്ണപ്പണയാഭരണ പരിശോധന നടത്തി വരുകയുമാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും തുടർന്നു വരുന്നതായി ആക്ഷേപമുണ്ടായ സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം ടി കമ്മിറ്റിയ്ക്കും സംഘത്തിലെ ഭരണ സമിതി

| | |
|---|---|
| | അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) സഹകരണ സ്ഥാപനങ്ങളിൽ ഇന്ന് സൂക്ഷിച്ചിട്ടുള്ള പണയ ഉരുപ്പടികളും ബോണ്ടുകളും സർക്കാർ പരിശോധിച്ച് കൃത്യത വരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം വകുപ്പിലെ ഇൻസ്പെക്ടർ/ആഡിറ്റർമാർ സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പണയ ഉരുപ്പടികളും ബോണ്ടുകളും പരിശോധിച്ച് കൃത്യത വരുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു വരുന്നു. |
| (സി) ഇത്തരം പരിശോധനകൾ ഇടയ്ക്കിടെ നടത്തുകയും ആയതുപാലിക്കാത്ത സംഘങ്ങൾക്കെതിരെ നടപടി കൈക്കൊള്ളുകയും ചെയ്യുമോ? | (സി) ഇത്തരം പരിശോധനകൾ വകുപ്പ് തലത്തിൽ ഇടയ്ക്കിടയ്ക്ക് നടത്തി ആയത് പാലിക്കാത്ത സംഘങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ട് വരുന്നു. |

**സെക്ഷൻ ഓഫീസർ**